# മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560
ഫോൺ:0481 –2733512

## വാർത്താക്കുറിപ്പ്

2023 ഫെബ്രുവരി 3

---

## എ.ഡി. സയിൻറിഫിക് ഇൻഡക്സ്; പ്രഫ. സാബു തോമസ് മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ

ജർമനി ആസ്ഥാനമായുള്ള അൾപർ–ഡോഗർ(എ.ഡി) സയിൻറിറിക് ഇൻഡക്സിൽ ലോകത്തിലെ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഇടം നേടി.

കഴിഞ്ഞ ആറു വർഷത്തെ വിവിധ സൂചികകളെ അടിസ്ഥാനമാക്കിയുള്ള റാങ്കിംഗ് പ്രകാരം കെമിക്കൽ സയൻസ് വിഭാഗത്തിൽ ഇദ്ദേഹം രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. ഏഷ്യയിൽ പതിനെട്ടാം റാങ്കും ആഗോള തലത്തിൽ 71–ാം റാങ്കുമാണ്. നാച്വറൽ സയൻസ് വിഭാഗത്തിൽ രാജ്യത്ത് ഇരുപതാം സ്ഥാനവും ഏഷ്യയിൽ 87–ാം സ്ഥാനവും ആഗോളതലത്തിൽ 804–ാം സ്ഥാനവുമാണ്.

217 രാജ്യങ്ങളിലെ 19584 സർവകലാശാലകളിലെയും മറ്റു വിദ്യാഭ്യാസ സ്ഥാനങ്ങളിലെയും 1310653 ഗവേഷകരുടെ പഠനങ്ങൾ വിലയിരുത്തിയാണ് എഡി സയിന്റിഫിക് ഇൻഡക്സ് തയ്യാറാക്കിയത്.

പോളിമെർ സയെൻസ്, നാനോ സയൻസ്, നാനോ ടെക്നോളജി മേഖലകളിൽ നിർണായക സംഭാവനകൾ നൽകിയ പ്രഫ. സാബു തോമസ് ഇതുവരെ 120 പി.എച്ച്.ഡി ഗവേഷണങ്ങൾക്ക് ഗൈഡായി പ്രവർത്തിച്ചിട്ടുണ്ട്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്കായി രാജ്യത്തെയും വിദേശത്തെയും വിവിധ ഏജൻസികളുടെ സഹകരണത്തോടെ അത്യാധുനിക സൗകര്യങ്ങളുള്ള ലാബോറട്ടറി സർവകലാശാലയിൽ സജ്ജമാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി രാജ്യാന്തര സംയുക്ത ഗവേഷണ സംരംഭങ്ങളിലും മഹാത്മാ ഗാന്ധി സർവകലാശാല പങ്കാളിയാണ്

(പി.ആർ.ഒ 39/135/2023)

## എം.ജി. സർവകലാശാലാ പൊതു പ്രവേശന പരീക്ഷ; മാർച്ച് ഒന്നുവരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇന്റർ സ്കൂൾ സെൻററുകളിലെയും അക്കാദമിക് പ്രോഗ്രാമുകളുടെ 2023ലെ പൊതു പ്രവേശന പരീക്ഷകൾക്ക് അപേക്ഷ ക്ഷണിച്ചു.

ബിബിഎ എൽഎൽബി(ഓണേഴ്സ്), ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാം ഇൻ സോഷ്യൽ സയസസ്, പഞ്ചവത്സര ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് ഓഫ് സയൻസ്(കെമിസ്ട്രി, ഫിസിക്സ്, ലൈഫ് സയൻസസ്, കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെൻറൽ സയൻസ്) എന്നിവയാണ് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ.

എം.എ, എം.എസ്.സി, എം.ടി.ടി.എം, എൽ.എൽ.എം, എം.എഡ്, എം.പി.ഇ.എസ്, എം.ബി.എ എന്നിവയുടെ പ്രവേശന പരീക്ഷയ്ക്കും അപേക്ഷ നൽകാം. എം.ബി.എ പ്രോഗ്രാമിന് www.admission.mgu.ac.in എന്ന വെബ്സൈറ്റിലൂടെയും മറ്റുള്ള കോഴ്സുകൾക്ക് www.cat.mgu.ac.in എന്ന വെബ്സൈറ്റിലൂടെയുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

വിശദ വിവരങ്ങൾ ഈ വെബ്സൈറ്റുകളിൽ ലഭിക്കും. ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾക്ക് അവസാന വർഷ പ്ലസ് ടൂ വിദ്യാർഥികൾക്കും ബിരുദാനന്തര കോഴ്സുകൾക്ക് അവസാന സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഇവർ സർവകലാശാല നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ നിർദ്ദിഷ്ഠ യോഗ്യത നേടിയിരിക്കണം.

ഓരോ പ്രോഗ്രാമിനും പൊതു വിഭാഗത്തിൽപെട്ടവർക്ക് 1200 രൂപയും പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് 600 രൂപയുമാണ് അപേക്ഷാ ഫീസ്.

പ്രവേശന പരീക്ഷ മെയ് ആറ്,ഏഴ് തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തും. കൂടുതൽ വിവരങ്ങൾ 0481 2733595 എന്ന ഫോൺ നമ്പരിലും cat@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും ലഭിക്കും.

എം.ബി.എ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾക്ക് 0481 2732288 എന്ന ഫോൺ നമ്പരിലും smbs@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടണം.

(പി.ആർ.ഒ 39/136/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി. വോക് ഫുഡ് ടെക്നോളജി ആന്റ് അനാലിസിസ്(2021 അഡ്മിഷൻ റെഗുലർ ന്യൂ സ്കീം, ജനുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി ആറിന് അരുവിത്തുറ സെൻറ് ജോർജ് കോളജിൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

...............................

മൂന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻറ് മാനേജ്മെൻ്റ്, ബി. വോക് ഫാഷൻ ടെക്നോളജി, ബി. വോക് ഫാഷൻ ടെക്നോളജി ആൻറ് മർച്ചൻറൈസിംഗ്(2021 അഡ്മിഷൻ റെഗുലർ ന്യൂ സ്കീം, ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 15ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ 39/137/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ ബി.പി.ഇ.എസ്(നാലു വർഷ ഇൻ്റഗ്രേറ്റഡ് പ്രോഗ്രാം 2021 അഡ്മിഷൻ റെഗുലർ/ 2020, 2019, 2018, 2017, 2016 അഡ്മിഷനുകൾ സപ്ലമെൻ്ററി) പരീക്ഷ ഫെബ്രുവരി 27ന് ആരംഭിക്കും.

നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 15 വരെ അപേക്ഷ നൽകാം. ഫൈനോടു കൂടി ഫെബ്രുവരി 16നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 17നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ 39/138/2023)

## റദ്ദാക്കിയ പരീക്ഷ 13ന്

റദ്ദാക്കിയ മൂന്നാം സെമസ്റ്റർ ബി.ടെക് (ഓൾഡ് സ്കീം 2010 നു മുൻപുള്ള അഡ്മിഷൻ മെഴ്സി ചാൻസ് - 2022 മെയ് 25) ഇലക്ട്രോ മാഗ്നറ്റിക് തിയറി പേപ്പറിൻറെ(ബ്രാഞ്ച് ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ്) പരീക്ഷ ഫെബ്രുവരി 13ന് ഉച്ചയ്ക്ക് 1.30 ന് നടത്തും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ 39/139/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**